## പതിമൂന്നാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2159** **17.02.2016- ൽ മറുപടിക്ക്**

### "സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭക മേഖല വികസനം "

**ചോദ്യം** **ഉത്തരം**

**ശ്രീ.കെ.എൻ.എ.ഖാദർ**

**ശ്രീ. പി. കെ.കുഞ്ഞാലിക്കുട്ടി**
(വ്യവസായവും വിവരസാങ്കേതികവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| എ) | സംസ്ഥാനത്ത് സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭക മേഖല വികസനത്തിന്റെ പാതയിലാണോ ; | എ) | അതെ |
| ബി) | സംസ്ഥാനത്തിന്റെ വരുമാന സ്രോതസ്സിനെ സ്വാധീനിക്കുന്ന തരത്തിലും തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്ന തരത്തിലും ഈ മേഖലയെ മാറ്റാൻ സർക്കാർ പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ടോ ; | ബി) | സംസ്ഥാനത്ത് വ്യവസായ വികസനത്തിനും സംരംഭകത്വ വികസനത്തിനും ചെറുകിട വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനും പുതിയ വ്യവസായ സംരംഭങ്ങൾ കൊണ്ടു വരുന്നതിനും, കൂടുതൽ നിക്ഷേപം ഉറപ്പാക്കുന്നതിനും വേണ്ടി സംരഭകത്വ സഹായ പദ്ധതി വഴി വ്യവസായ സംരംഭങ്ങൾക്ക് സാമ്പത്തിക സഹായം നൽകി വരുന്നു. ചെറുകിട വ്യവസായികളെ ആകർഷിക്കുന്നതിനായി ബിസിനസ് ടു ബിസിനസ് മീറ്റ് ,വ്യവസായ സംഗമം, എല്ലാ ജില്ലകളിലും Investors Meet, സംരംഭകത്വ പരിശീലന പദ്ധതി, ടെക്നോളജി ക്ലിനിക്ക്, Skill Development Programme തുടങ്ങിയ പരിപാടികളും നടത്തി വരുന്നു.<br>ബോധവൽക്കരണ ക്ലാസുകൾ, |

| | | | |
|---|---|---|---|
| | | | സംരംഭകത്വ വികസന പരിശീലന പരിപാടികൾ, നിക്ഷേപകരുടെ മേളകൾ, MSME ഉൽപ്പന്ന വിപണന മേളകൾ, മെഷിനറി എക്സിബിഷൻ, ടെക്നോളജി ക്ലിനിക്കുകൾ, സ്കിൽ ഡെവലപ്പ്മെന്റ് പരിശീലനം, ഊർജ്ജിത വ്യവസായ വൽക്കരണ പദ്ധതി, ബ്ലോക്ക്, താലൂക്ക്, മുനിസിപ്പാലിറ്റി, ജില്ലാ തലങ്ങളിൽ നടത്തിവരുന്നു. കൂടാതെ എമർജിംഗ് കേരള പോലെയുള്ള പരിപാടികൾ വഴി സംസ്ഥാനത്തിനകത്തും പുറത്തുമുള്ള വ്യവസായികൾക്ക് കേരളത്തിൽ വ്യവസായങ്ങൾ തുടങ്ങുന്നതിനും കേരളത്തിലെ ചെറുകിട വ്യവസായികൾക്ക് ഇന്ത്യയ്ക്കകത്തും പുറത്തുമുള്ള വിപണന അവസരങ്ങൾ കണ്ടെത്താനും സാധിച്ചു. ലൈസൻസുകളും ക്ലിയറൻസുകളും ലഭ്യമാക്കുന്നതിനായി ജില്ലാ തലത്തിലും സംസ്ഥാനതലത്തിലും Single Window Clearance Board (SWCB) പ്രവർത്തിച്ചുവരുന്നു. |
| സി) | സംസ്ഥാനത്തെ എല്ലാ വകുപ്പുകളും പൊതുമേഖലാ സ്ഥാപനങ്ങളും അവർക്ക് ഒരു വർഷത്തേയ്ക്ക് ആവശ്യമുള്ള സാധനങ്ങളുടേയും സേവനങ്ങളുടേയും നിശ്ചിത ശതമാനം ഈ മേഖലയിൽ നിന്നും സംഭരണം നടത്തുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ടോ ; | സി) & ഡി) | സംസ്ഥാന സർക്കാർ സ്റ്റോർ പർച്ചേയ്സ് ഡിപ്പാർട്ട്മെന്റ്/ജില്ലാ വ്യവസായ കേന്ദ്രം / ഖാദി കമ്മീഷൻ/ഖാദി ബോർഡ്/നാഷണൽ സ്മാൾ ഇൻഡസ്ട്രീസ് കോർപ്പറേഷൻ / ഡയറക്ടറേറ്റ് ഓഫ് ഹാന്റ് ലൂം ആന്റ് ഹാന്റിക്രാഫ്റ്റ് എന്നിവിടങ്ങളിൽ രജിസ്റ്റർ ചെയ്തിട്ടുള്ള സംസ്ഥാനത്തെ ചെറുകിട വ്യവസായ യൂണിറ്റുകളെ EMD, Tender Form-ന്റെ വില എന്നിവയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട് കൂടാതെ സംസ്ഥാന സർക്കാർ വകുപ്പുകൾ, പൊതു മേഖലാ സ്ഥാപനങ്ങൾ, തദ്ദേശ സ്വയം ഭരണ |
| ഡി) | ഇല്ലായെങ്കിൽ കേന്ദ്രസർക്കാരിന്റെ മാതൃകയിൽ സംസ്ഥാന സർക്കാരും മേൽപ്പറഞ്ഞ | | |

| | | | |
|---|---|---|---|
| | സംരംഭങ്ങളിൽ നിന്നും നിർബന്ധിത സംഭരണം നടത്തുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ ? | | സ്ഥാപനങ്ങൾ, വികസന അതോറിറ്റികൾ, കേരള ഖാദി ആന്റ് വില്ലേജ് ബോർഡ്, കിൻഫ്ര, കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ്, കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ, കേരള വാട്ടർ അതോറിറ്റി എന്നിവർ, അവരുടെ വാർഷിക സംഭരണത്തിന്റെ 20% സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭക മേഖലയിൽ നിന്നായിരിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ടി മേഖലയിലെ സ്ഥാപനങ്ങൾക്ക് ക്വാട്ട് ചെയ്ത തുക L1+15% നുള്ളിൽ ആണെങ്കിൽ L1 തുകയ്ക്ക് സംഭരണത്തിന്റെ ഒരു വിഹിതം വിപണനം ചെയ്യാവുന്നതാണ്. |

**സെക്ഷൻ ഓഫീസർ**